(ഡി) വാടകയിനത്തിൽ ഈ പാർക്കുകളിൽ നിന്നുമുള്ള വരുമാനമെത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ കിൻഫ്ര മൂന്ന് വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി ആന്റ് സി) കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വിവിധ വ്യവസായ പാർക്കുകളിൽ കുറഞ്ഞത് 10 സെന്റ് ഭൂമി മുതൽ വ്യവസായ സംരംഭകർക്ക് വ്യവസായം തുടങ്ങാൻ നൽകുന്നുണ്ട്. ആയതിനാൽ എത്ര യൂണിറ്റുകൾ സ്ഥാപിക്കുവാൻ കഴിയുമെന്ന് അവിടെ വ്യവസായികൾ ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി അനുസരിച്ച് മാത്രമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. തിരുവനന്തപുരം ജില്ലയിലെ മൂന്ന് പാർക്കുകളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) തിരുവനന്തപുരത്തെ മൂന്ന് പാർക്കുകളിൽ കിൻഫ്ര ഇന്റർ നാഷണൽ അപ്പാരൽ പാർക്കിംഗ് മാത്രമാണ് കെട്ടിടം വാടകയ്ക്ക് നൽകുന്നത്. ടി പാർക്കിൽ വാടകയിനത്തിൽ ഒരു മാസം 1,13,275 രൂപ പിരിഞ്ഞുകിട്ടുന്നുണ്ട്.

എറണാകുളം ജില്ലയിലെ കിൻഫ്ര പാർക്കുകൾ

5 [3012] ശ്രീ. ഡി. സുഗതൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എ. പി. അനിൽകുമാർ:
,, ലൂഡി ലൂയിസ്:
,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര എറണാകുളം ജില്ലയിൽ ഏതെല്ലാം വ്യവസായ പാർക്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്;

(ബി) ഈ ഓരോ പാർക്കിലും എത്ര യൂണിറ്റുകൾ വീതം സ്ഥാപിക്കുവാനുള്ള സൗകര്യങ്ങളുണ്ട്;

(സി) അതിൽ ഓരോന്നിലും എത്ര യൂണിറ്റുകൾ വീതം ഇപ്പോൾ പ്രവർത്തിച്ചുവരുന്നു?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ ഒരു എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കും ഒരു ചെറുകിട വ്യവസായ പാർക്കും കിൻഫ്ര നേരിട്ട് സ്ഥാപിച്ചിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി ആന്റ് സി) കിൻഫ്രയുടെ വിവിധ പാർക്കുകളിൽ വ്യവസായം തുടങ്ങുന്നതിനുവേണ്ടി കുറഞ്ഞത് 10 സെന്റ് മുതൽ വ്യവസായ സംരംഭകരുടെ ആവശ്യം അനുസരിച്ച് ഭൂമി നൽകിവരുന്നു. ആയതിനാൽ എത്ര വ്യവസായ യൂണിറ്റുകൾ ഒരു പാർക്കിൽ സ്ഥാപിക്കുവാൻ കഴിയുമെന്ന് മുൻകൂട്ടി പറയുവാൻ സാധിക്കുകയില്ല. കിൻഫ്രയുടെ എറണാകുളം ജില്ലയിലെ പാർക്കുകളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

## കിൻഫ്ര പാർക്കുകളിലെ കെട്ടിടങ്ങൾ വ്യവസായികൾക്ക് നൽകുന്നതിനുള്ള മാനദണ്ഡം

6 [3013] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ഇ. എം. അഗസ്തി:
,, കെ. സി. വേണുഗോപാൽ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്കുകളിൽ വ്യവസായികൾക്ക് സൗകര്യം നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) ഇവിടെ വ്യവസായികൾക്ക് കെട്ടിടം വാടകയ്ക്കാണോ വിലയ്ക്കാണോ നൽകുന്നത്;

(സി) വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങളുടെ വാടക നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ഡി) വിലയ്ക്ക് നൽകുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്കുകളിൽ വ്യവസായം തുടങ്ങുന്നതിനുള്ള സൗകര്യം നൽകുന്നതിനായി വികസിപ്പിച്ച സ്ഥലം, അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, ജലം, വാർത്താവിനിമയ സൗകര്യങ്ങൾ തുടങ്ങിയവ നൽകാറുണ്ട്. ചില പാർക്കുകളിൽ വ്യവസായം തുടങ്ങുന്നതിനായി കെട്ടിടവും നൽകാറുണ്ട്. ഇതുകൂടാതെ മറ്റ് പൊതു സൗകര്യങ്ങളായ ബിസിനസ് സെന്റർ, എക്സിബിഷൻ സെന്റർ, ഹെൽത്ത് സെന്റർ, കോൺഫറൻസ് ഹാൾ, ബാങ്ക്, പോസ്റ്റ് ഓഫീസ്, എഫ്ലുവന്റ് ട്രീറ്റുമെന്റ് ഫെസിലിറ്റി, ഡ്രെയിനേജ് ഫെസിലിറ്റി, മുതലായവയും ലഭ്യമാക്കുന്നു. കിൻഫ്ര പാർക്കിൽ ഭൂമി നൽകുന്നത് 90 വർഷത്തെ ദീർഘകാല പാട്ടത്തിനും, കെട്ടിടം വാടകയ്ക്കും ലാന്റ് ഡിസ്പോസൽ റഗുലേഷൻ അനുസരിച്ചാണ് നൽകുന്നത്. മറ്റ് അടിസ്ഥാന സൗകര്യങ്ങളും പൊതു സൗകര്യങ്ങളും നൽകുന്നത് ഇവിടെയുള്ള വ്യവസായ യൂണിറ്റുകൾ അവ ഉപയോഗിക്കുന്നതിന് യഥാർത്ഥത്തിൽ ഉണ്ടാകുന്ന ചെലവിനനുസരിച്ചാണ്.

(ബി) കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ വ്യവസായികൾക്ക് കെട്ടിടം വാടകയ്ക്കാണ് നൽകുന്നത്.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly